**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/07/2026

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ നേമം കൃഷിഭവനിൽ വച്ച് കർഷക സഭയും ഞാറ്റുവേല ചന്തയും ഇന്ന് (2026 ജൂലൈ 08 ) രാവിലെ 11.00 മണിക്ക് തിരുവനന്തപുരം നഗരസഭ വികസന സമിതി ചെയർമാൻ കരമന അജിത് ഉദ്ഘാടനം നിർവ്വഹിക്കുന്നു. ഇതോടനുബന്ധിച്ച് പച്ചക്കറി വിത്തുകൾ, ഗുണനിലവാരമുള്ള തൈകൾ, പച്ചക്കറി കർഷകർക്ക് ഉള്ള ജൈവകീടനാശിനികൾ, രോഗാണുനാശിനികൾ, വാഴ തൈകൾ, വാഴ രോഗങ്ങൾക്ക് എതിരായ നന്മ, ശ്രേയ എന്നിവയും സൗജന്യമായി നൽകുന്നു. ഒരു തെങ്ങിന് 60 രൂപ നിരക്കിൽ ജൈവവളം, ഡോളോമൈറ്റ്, 50 രൂപ നിരക്കിൽ തെങ്ങിൻ തൈ, ട്രൈക്കോ കേക്ക് എന്നിവയും സബ് സിഡി നിരക്കിൽ ലഭ്യമാണ്. ആനുകൂല്യങ്ങൾ

ലഭിക്കുന്നതിനായി നടപ്പ വർഷത്തെ ഭൂനികുതി രസീത്, ബാങ്ക് പാസ്സുക്ക് കോപ്പി എന്നിവയുടെ രേഖകൾ കൊണ്ടുവരേണ്ടതാണ്.

2. ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ ചവറ, നീണ്ടകര, പന്മന, തെക്കുംഭാഗം, തേവലക്കര എന്നീ കൃഷിഭവനുകളിൽ ഗുണമേന്മയുള്ള പച്ചക്കറി വിത്തു പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. താല്പര്യമുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് ചവറ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ സോണൽ സലിം അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470343 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ ജൈവരോഗ കീടനിയന്ത്രണ സൂക്ഷ്മാണുക്കളും ജീവാണുവളങ്ങളും വ്യാപകമായി ഉല്പാദിപ്പിച്ച് വിതരണത്തിന് തയ്യാറായിരിക്കുന്നു. രോഗനിയന്ത്രണത്തിന് സൂക്ഷ്മാണുക്കളായ സ്യൂഡോമോണാസ് ഫ്ലൂറസൻസ്, ട്രൈക്കോഡർമ വിരിഡെ എന്നിവ പൊടി രൂപത്തിലും ദ്രാവക രൂപത്തിലും ലഭ്യമാണ്. കീടനിയന്ത്രണോപാധികളായ ബ്യൂവേറിയ ബാസിയാന, ലെക്കാനിസിലിയം ലെക്കാനി, മെറ്റാറൈസിയം, പേസിലോമൈസസ് തുടങ്ങിയവ ലഭ്യമാണ്. ജീവാണുവളങ്ങളായ മൈക്കോറൈസ, ഫോസ്ഫറസ് ജീവാണുവളം, അസോസ്പൈറില്ലം എന്നിവയും ജൈവകീട

രോഗ നിയന്ത്രണ കോമ്പി പായ്ക്കറ്റുകൾ, വെർമികമ്പോസ്റ്റ്, നീം ഗാർലിക് സോപ്പ് എന്നിവയും തയ്യാറാണ്. ആവശ്യക്കാർക്ക് വേണ്ട അളവിൽ പായ്ക്ക് ചെയ്ത് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് ബന്ധപ്പെടുക :- ഫോൺ : 9747238532, 0487 2699087.

4. പട്ടാമ്പി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ വിവിധ കൃഷികൾക്കായി സബ്സിഡി ആനുകൂല്യങ്ങൾ അനുവദിക്കുന്നു. 2026 ഏപ്രിൽ മാസത്തിന് ശേഷം കൃഷി ആരംഭിച്ചവർക്കും, പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്കും അപേക്ഷ സമർപ്പിക്കാം. വാഴ കൃഷി ഹെക്ടറിന് 44,000 രൂപ, റമ്പൂട്ടാൻ കൃഷി ഹെക്ടറിന് 30,000 രൂപ, പ്ലാവ് കൃഷി ഹെക്ടറിന് 18,000 രൂപ, ഇഞ്ചി/മഞ്ഞൾ കൃഷി ഹെക്ടറിന് 40,000 രൂപ എന്നിങ്ങനെയാണ് സബ്സിഡി വിവരങ്ങൾ. അർഹരായ കർഷകർ അപേക്ഷ സമർപ്പിക്കണമെന്ന് പട്ടാമ്പി കൃഷി ഓഫീസർ അറിയിച്ചു.

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള തൃശ്ശൂർ മണ്ണുത്തിയിലെ കമ്മ്യൂണിക്കേഷൻ സെന്ററിൽ 35 ദിവസം പ്രായമായ BV-380 ഇനം കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. വില ഒന്നിന് 175 രൂപ. ബുക്കിങ്ങിനായി വിളിക്കേണ്ട ഫോൺ നമ്പര് : 8547070773, 0487 2370773.

6. കർഷകർക്ക് കുറഞ്ഞ ചെലവിൽ കാർഷികയന്ത്രങ്ങൾ സ്വന്തമാക്കാൻ സഹായിക്കുന്ന സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതിയെക്കുറിച്ചും അതിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യങ്ങൾ ലഭിക്കാനായി ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുമറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. 'സ്മാം' പദ്ധതി സംബന്ധിച്ച കർഷകരുടെ സംശയങ്ങൾക്ക് സംസ്ഥാന കാർഷികവികസന കർഷകക്ഷേമ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ വിനിയ വി.എസ്. ഇന്ന് (2026 ജൂലൈ 08 ബുധനാഴ്ച) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി പറയും. കർഷകർക്ക് 0481 2576622 എന്ന കോൾസെന്റർ നമ്പരിൽ വിളിക്കാവുന്നതാണ് .

7. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള ബീകീപ്പങ് ട്രെയിനിങ് കോഴ്സിലേക്ക് അപേക്ഷിക്കാം. യോഗ്യത എസ്എസ്എൽസി/ തത്തുല്യം. പ്രായപരിധി 18-30. കോഴ്സ് ഫീസ് 30,000 രൂപ. അവസാന തീയതി ജൂലൈ 31. അപേക്ഷ khadi.kerala.gov.in ൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9747321760 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.